**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4886** **13-03-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന യുവജന കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>1. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>2. യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണി-ക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗും ജില്ലാ തലത്തിൽ അദാലത്തുകൾ/ ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവയും നടത്തി വരുന്നു. വിവിധ പരാതികളിന്മേലുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ തലത്തിലും പൊതുമേഖല/സർക്കാർ ഇതര സ്ഥാപനങ്ങളും നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതുവഴി യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.<br><br>3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചു കൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിനും അവബോധം ഉണ്ടാക്കുന്നതിനുമായി വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട്, കമ്മീഷൻ വിവിധ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചു വരുന്നു.<br><br>4. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുന്നതിനും ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരെഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.<br><br>5. യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു.<br><br>6. കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷം തോറും കമ്മീഷൻ നടത്തി വരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും ഇതോടൊപ്പം നടത്തി വരുന്നു. ഇതുവഴി ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് പ്രദാനം ചെയ്യുന്നു.<br><br>7. കമ്മീഷൻ നടത്തുന്ന വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കമ്മീഷന്റെ പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | യുവജന കമ്മീഷൻ പുതിയ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ